**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **01-02-2023 - ൽ മറുപടിയ്ക്ക്**

**അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന് പുറത്തുള്ള അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽ നിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷനും തുല്യത സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ? | (എ) | **2021 ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ സെക്ഷൻ 22 പ്രകാരം സംസ്ഥാനത്ത് 28/09/2022 തീയതിയിലെ 3327-ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ SRO നമ്പർ 924/22 ആയി പ്രസിദ്ധീകരിച്ച 28/09/2022 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ. 53/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാർ ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസി ലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയായ വിധം നിർവ്വഹിക്കുന്നതിന് കേന്ദ്ര റഗുലേഷനുകളും അതോടൊപ്പം സംസ്ഥാന ചട്ടങ്ങളും അനിവാര്യമാണ്. 2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ടിലെ സെക്ഷൻ 68 പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങളും അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും സർക്കാർ പരിശോധിച്ചു വരികയാണ്. നിയമത്തിലെ സെക്ഷൻ 66 (I) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റഗുലേഷനുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്കും, റഗുലേഷനുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കും കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. പ്രസ്തുത കൗൺസിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് കേരളത്തിന് പുറത്തുള്ള അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽ നിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയവർക്ക്** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷനും തുല്യത സർട്ടിഫിക്കറ്റും ലഭ്യമാക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.** |

സെക്ഷൻ ഓഫീസർ